**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** | **24-06-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>**(i)കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി**<br><br>കണ്ണൂർ ജില്ലയിലെ കാഞ്ഞിരോട് ഒരു സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കാൻ ഉദ്ദേശിച്ച കൊണ്ട് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തി കൊണ്ടു പ്രഖ്യാ പിക്കപ്പെട്ട പദ്ധതിയാണ് “കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി”.<br><br>നിർദിഷ്ട സംയോജിത കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിലൂടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രദർശനവും വിൽപ്പനയും സാധ്യമാകും. വിവിധ നെയ്ത്ത് മേഖലകളിൽ നിന്നുള്ള കൈത്തറി നെയ്ത്തുകാരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണത്തിനും പദ്ധതി സഹായകരമാകും. കൂടാതെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നെയ്ത്തുകാരുടെ പങ്കാളിത്തത്തിലൂടെ ഈ മേഖലയിലുള്ള അറിവ് പങ്കുവയ്ക്കുന്നത് കൈത്തറി മേഖലയുടെ വികസനത്തിന് ഊർജം പകരും. സംസ്ഥാനത്തെ നെയ്ത്തുകാർക്ക് ഈ മേഖലയിൽ പുതിയ അറിവും പരിശീലനവും നേടാനുള്ള വേദി കൂടി ഇതിലൂടെ ലഭ്യമാകുന്നതാണ് .<br><br>**(ii)കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി** |

“കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടേയും ആരോഗ്യ പരിപാടി” പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

കൈത്തറി നെയ്ത്തു മേഖലയിലെ നെയ്ത്തുകാർ/ അനുബന്ധ തൊഴിലാളികളിൽ പലരും തൊഴിലിടവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ സംബന്ധമായ അസുഖങ്ങൾ നേരിടുന്നതിനാൽ അവരുടെ ശാരീരിക / നേത്ര ആരോഗ്യം ഉറപ്പാക്കുന്നതിനും ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജില്ലാ സർക്കിളുകളിൽ വർഷത്തിൽ രണ്ടു തവണ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. യോഗ്യതയ്ക്കു വിധേയമായി, 2000 രൂപ കണ്ണട അലവൻസ് അനുവദിക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. അംഗീകൃത മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുക.

പ്രസ്തുത പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>(iii) ഡിസൈൻ സ്റ്റുഡിയോകളുടെ സ്ഥാപനം</u>**

2024-25 സാമ്പത്തികവർഷം 4 ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം, കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചു. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.

കൈത്തറി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തനലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കൽ, മേഖലയിൽ മൂല്യ വർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ്

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, സ്വകാര്യ സംരംഭകരുടെ പ്രോത്സാഹനം എന്നിവയുടെ സമഗ്ര പഠനമാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി കൈത്തറി മേഖലയ്ക്കുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിന ങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>നിലവിൽ ഏകദേശം 6154 നെയ്ത്തുകാരും 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാരുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും ഈ പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടം മുതൽ നാളിതുവരെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി ആകെ 571 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ നിന്നും 339.93 കോടി രൂപ നെയ്ത്തു കൂലിയായി തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയുടെ ഭാഗമായി നെയ്ത്തിനുള്ള നൂൽ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും വാങ്ങുന്നതിലൂടെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തിലും പ്രസ്തുത പദ്ധതി വലിയ പങ്ക് വഹിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഉല്പാദനം ഉയർന്നതിന്റെയും നെയ്ത്തു തൊഴിലാളികളുടെ വരുമാനം വർദ്ധിച്ചതിന്റെയും വിശദാംശം ലഭ്യമാക്കാമോ; | (സി) | 2021-22 സാമ്പത്തിക വർഷത്തിൽ 42.10 ലക്ഷം മീറ്റർ തുണിയാണ് 9.60 ലക്ഷം കുട്ടികൾക്കായി വിതരണം ചെയ്തത്. പ്രസ്തുത വർഷത്തിൽ പദ്ധതിയ്ക്കായി അനുവദിച്ചു നൽകിയതിൽ 88.36 കോടി രൂപയിൽ നെയ്ത്ത് കൂലിയിനത്തിൽ 49 കോടി രൂപ നെയ്ത്ത് തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | 2023-24 സാമ്പത്തിക വർഷത്തിൽ (2024-25 അദ്ധ്യയന വർഷം) എത്ര വിദ്യാർത്ഥികൾക്ക് എത്ര മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | 2024-25 അദ്ധ്യയന വർഷത്തേക്ക്, ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും ഉൾപ്പടെ ആകെ 9 ലക്ഷം കുട്ടികൾക്ക് 39.75 ലക്ഷം മീറ്റർ യൂണിഫോം തുണി ഒന്നാം ഘട്ടമായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. നിലവിൽ 17/06/2024 തീയതി വരെ 34 ലക്ഷം മീറ്റർ തുണി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ജൂൺ മാസം |

| | | | |
|---|---|---|---|
| | | | അവസാനത്തോടെ യൂണിഫോം വിതരണം പൂർണ്ണമായും പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ